പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5107 — 06.02.2014-ൽ മറുപടിക്ക്.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തിക്കുന്നുണ്ടോ; | എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) പോലീസ് സൂപ്രണ്ടിന്റെയും അതിനു മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും എല്ലാ തരത്തിലുമുള്ള നടപടി ദൂഷ്യത്തെപ്പറ്റിയും പരാതികൾ, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ, ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ, ബലാൽസംഗം എന്നിവ സംബന്ധിച്ച് മറ്റു പദവികളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികൾ എന്നിവ പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യുക എന്നുള്ളതാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ലക്ഷ്യം. പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവി വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുമുള്ള മേൽപ്പറയുന്ന തരത്തിലുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യുക എന്നുള്ളതാണ് ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ലക്ഷ്യം. |
| സി) ഈ സംവിധാനം കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ? | സി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ